(ബി) ഉണ്ടെങ്കിൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ഇതിനകം എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി) നഗരപ്രദേശങ്ങളിൽ വൃത്തിഹീനമായി കിടക്കുന്ന കുളങ്ങളും തോടുകളും വൃത്തിയാക്കുന്നതിന് ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരത്തിലെ നിലവിലുള്ള സ്വീവറേജ് സ്കീം വിപുലീകരിക്കുന്നതിന് ഒരു പദ്ധതി ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ നിലവിലുള്ള സംവിധാനത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി അർബൻ സ്വീവറേജ് സ്കീമിൽ ഉൾപ്പെടുത്തി സമാന്തര പൈപ്പുലൈനുകൾ സ്ഥാപിക്കുക, പുതിയ മാൻഹോളുകൾ നിർമ്മിക്കുക, മാൻഹോളുകൾ റോഡ് നിരപ്പിലേക്ക് ഉയർത്തുക തുടങ്ങിയ പണികൾ ചെയ്തുവരുന്നു. തിരുവനന്തപുരം ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ പഴവങ്ങാടി, തമ്പാനൂർ ഭാഗങ്ങളിലെ വെള്ളപ്പൊക്കം തടയുന്നതിനും മലിനജലം ഒഴുകിപോകുന്നതിനുമുള്ള ഒരു പദ്ധതിക്ക് സർക്കാർ അനുമതി നൽകുകയും പ്രസ്തുത പണികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിലെ ഡ്രെയിനേജ് പദ്ധതികൾ ഫണ്ട്, സ്ഥലം എന്നിവയുടെ ലഭ്യത അനുസരിച്ച് ഏറ്റെടുത്ത് നടത്തുന്നതാണ്. "ഗുരുവായൂർ ടൗണിന്റെ വികസനം-പട്ടണത്തിലെ ജല നിർഗ്ഗമന സംവിധാനം മെച്ചപ്പെടുത്തൽ" എന്ന പണി 2003-04 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷൻ, മട്ടാഞ്ചേരി, പള്ളുരുത്തി, എറണാകുളം എന്നീ പ്രദേശങ്ങളിൽ സ്വീവറേജ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി. ഡി) ഇത്തരത്തിൽപ്പെട്ട എം. ഐ. ക്ലാസ്-II പ്രവൃത്തികൾ പ്രാദേശിക ഗവൺമെന്റുകൾ മുഖാന്തിരമാണ് ചെയ്യുന്നത്. തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിവാരണപദ്ധതിയിലും തലസ്ഥാന നഗരവികസന പദ്ധതിയിലും ഉൾപ്പെടുത്തി കുളങ്ങളുടെ സംരക്ഷണവും സൗന്ദര്യവൽക്കരണവും നടത്തി കുളങ്ങളെ പൊതുസ്വത്തായും വൃത്തിയായും സൂക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി ചെറുകിട ജലസേചന വിഭാഗത്തിന്റെ കീഴിൽ തയ്യാറാക്കിവരുന്നു.

പ്ലാച്ചിമട പ്രദേശത്തെ കുടിവെള്ള പരിശോധന

40 [6005] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട കൊക്കക്കോള ഫാക്ടറിയിലെ ഖരമാലിന്യങ്ങൾ കുന്നുകൂടുന്ന പ്രദേശങ്ങളിലെ കുടിവെള്ളത്തിൽ വിഷാംശം കലർന്നിട്ടുണ്ട് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്ലാച്ചിമട കൊക്കക്കോള ഫാക്ടറിയുടെ പരിസരത്തും മാലിന്യം നിക്ഷേപിക്കുന്ന പ്രദേശങ്ങളിലുമുള്ള കുടിവെള്ളം പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരിശോധനാഫലം ലഭ്യമാക്കുമോ;

(സി) കുടിവെള്ളം മലിനമാക്കുന്നതിനെതിരെ ജലവിഭവവകുപ്പോ കേരള വാട്ടർ അതോറിറ്റിയോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ, ബി) ഈ പ്രദേശങ്ങളിലെ കുടിവെള്ളത്തിൽ വിഷാംശം കലർന്നിട്ടുള്ളതായി ചില മാധ്യമറിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവിടെ കേരളാ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളൊന്നുമില്ല. എങ്കിലും ഈ പ്രദേശങ്ങളിലെ കുടിവെള്ളത്തിൽ വിഷാംശം കലർന്നിട്ടുണ്ടോ എന്നതിനെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിനുള്ള നടപടികൾ ഭൂജലവകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ പ്ലാച്ചിമടയിൽ ജല അതോറിറ്റിയുടെ ജലവിതരണ പദ്ധതികളൊന്നും ഇല്ല. അതിനാൽ ജലവിഭവവകുപ്പോ കേരളാ വാട്ടർ അതോറിറ്റിയോ മേൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

രാമനാട്ടുകരയിലെ ശുദ്ധജല ദൗർലഭ്യം
പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ

41 [6006] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ രാമനാട്ടുകര പഞ്ചായത്തിലെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കണമെന്നാവശ്യപ്പെട്ട് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്;

(ബി) ശുദ്ധജലദൗർലഭ്യം പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇക്കാര്യത്തിൽ പഠനം നടത്തുകയോ ഏതെങ്കിലും പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കുകയോ ചെയ്തിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രദേശത്തെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കുവാൻ സജീവ പരിഗണന നൽകുമോ?

ഉത്തരം

(എ) ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി, സി) ഡാനിഡ സഹായത്തോടെയുള്ള ഒന്നാംഘട്ട ചീക്കോട് ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് രാമനാട്ടുകര പഞ്ചായത്തിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇതിന്റെ സ്രോതസ്സായ കുഴൽക്കിണറിൽനിന്നും വേണ്ടത്ര അളവിൽ വെള്ളം ലഭിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിനായി ചാലിയാർ പുഴയിൽ ഒരു കിണർ നിർമ്മിച്ച് വെള്ളം കൊണ്ടുവരാനുള്ള 550 ലക്ഷം രൂപയുടെ ഒരു പദ്ധതി തയ്യാറാക്കിവരുന്നു.

(ഡി) പരിഗണന നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly